പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1446 | 31.10.2019-ൽ മറുപടിക്ക്

കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന്റെ സ്ഥലം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം വിട്ടു നൽകിയെങ്കിലും സാമൂഹ്യ ആഘാത പഠനവും അനുബന്ധ നടപടികളും പൂർത്തീകരിക്കാത്തതു കാരണം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നുവർഷമായി നടക്കാത്തത് റവന്യൂ വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കണ്ടെത്തുമോ; | (എ) (ബി) (സി) (ഡി) & (ഇ) | റവന്യൂ വകുപ്പിന്റെ 27.02.2015-ലെ ജി.ഒ (എം.എസ്) നം.87/2015/ ആർഡി.നം. ഉത്തരവ് പ്രകാരം കടുത്തുരുത്തി വില്ലേജിലെ സർവ്വെ 32,58,59 എന്നിവയിൽപ്പെട്ട 3.2377 ഹെക്ടർ ഭൂമി ഡെപ്യൂട്ടി കമ്മീഷണർ കേന്ദ്രീയ വിദ്യാലയ സംഘതന്റെ പേരിൽ കേന്ദ്രീയ വിദ്യാലയ നിർമ്മാണ ആവശ്യത്തിലേക്ക് പാട്ട വ്യവസ്ഥയിൽ 99 വർഷത്തേക്ക് പാട്ടത്തിന് നൽകിയിരുന്നു. ടി ഭൂമി ബി.റ്റി.ആർ പ്രകാരം നിലമാണ്. ആയതിനാൽ ടി ഭൂമിയിൽ മണ്ണിട്ട് നികത്തിയെങ്കിലേ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്, ഫയർ സ്റ്റേഷൻ, എക്സൈസ് ഓഫീസ്, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിലേയ്ക്കുള്ള ഇന്റേണൽ റോഡ് നിർമ്മിക്കുന്നതിനും, കേന്ദ്രീയ വിദ്യാലയം നിർമ്മിക്കുന്നതിനു വേണ്ടിയും "പൊതു ആവശ്യം" എന്ന നിലയിൽ നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുഖേന സമർപ്പിച്ച അപേക്ഷകൾ യഥാക്രമം 15/03/2019, 02/04/2019 എന്നീ തീയതികളിൽ കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഫയൽ നം.67/എൻ.സി.എ 2/19/കൃഷി. ടി അപേക്ഷകൾ 15/10/2019 തീയതിയിൽ കൂടിയ സംസ്ഥാനതല സമിതി യോഗത്തിൽ പരിശോധിക്കുകയും പ്രസ്തുത സ്ഥലം പരിശോധന നടത്തി റിപ്പോർട്ട് അടുത്ത യോഗത്തിൽ സമർപ്പിക്കാൻ സംസ്ഥാനതല സമിതി അംഗത്തെ ചുമതലപ്പെടുത്തുവാൻ തീരുമാനിക്കുകയുമുണ്ടായി. |
| (ബി) ഇതുപോലെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥയെക്കുറിച്ച് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ; | | |
| (സി) കെട്ടിട നിർമ്മാണത്തിന് ഉപയുക്തമാകുന്ന രീതിയിൽ ലാൻഡ് ഡെവലപ്മെന്റ് നിർദ്ദിഷ്ട സ്ഥലത്ത് നടപ്പിലാക്കുന്നതിനും സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കി കെട്ടിട നിർമ്മാണത്തിന് അനുവാദം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | | |
| (ഡി) ഇപ്പോൾ കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന്റെ ലാൻഡ് ഡെവലപ്മെന്റ് പൂർത്തിയാകുവാനുള്ള ഫയൽ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കാമോ; ഈ ഫയൽ കൈവശം വച്ചിട്ട് എത്ര ദിവസമായെന്ന് അറിയിക്കാമോ; | | |

| | | |
|---|---|---|
| (ഇ) | ഈ ഫയൽ സംസ്ഥാനതല സമിതിക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലയെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ ഫയൽ എന്നേക്ക് കൈമാറാൻ കഴിയും എന്നറിയിക്കാമോ? | ഈ ഫയൽ കൈകാര്യം ചെയ്യുതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുള്ള അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ